# യൂണിറ്റ് : 9

# ദേശീയോദ്ഗ്രഥനം

1. "എല്ലാ മനുഷ്യരും ഏതെങ്കിലും ഒരു കൂട്ടായ്മയിലെ അംഗങ്ങളാണ്." നിങ്ങൾ ഉൾപ്പെടുന്ന ഏതെങ്കിലും രണ്ട് കൂട്ടായ്മകൾ എഴുതുക? 2 സ്കോർ

---

2. "ദേശരാഷ്ട്രം ഒരു രാഷ്ട്രീയ സമാജമാണ് അതിന് ചില സവിശേഷതകളുണ്ട്" അവ ഏതൊക്കെയാണെന്ന് എഴുതുക? 2 സ്കോർ

---

3. "ഇന്ത്യ ഒരു നരവംശമ്യൂസിയമാണ്" എന്നാൽ വംശശുദ്ധി അവകാശപ്പെടാൻ കഴിയുന്നതിനപ്പുറം മനുഷ്യ സമൂഹങ്ങൾ തമ്മിൽ ഇടപഴകി കഴിഞ്ഞു. ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക? 3 സ്കോർ

---

4. "ഇന്ത്യ ഒരു ബഹുസ്വരസമൂഹമായി നിലകൊള്ളുന്നു" ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഘടകങ്ങൾ ഏതൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക? 4 സ്കോർ

---

5. "ഇന്ത്യൻ ദേശീയത മതത്തിന്റെയും, ജാതിയുടെയും പ്രാദേശികതയുടെയും വംശത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടതല്ല" ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിന് സഹായിച്ച ഘടകങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി കുറിപ്പു തയാറാക്കുക? 4 സ്കോർ

---

6. ദേശീയോദ്ഗ്രഥനം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്? ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക? അവ എങ്ങനെ തടസ്സമാകുന്നു എന്ന് സമർഥിക്കുക? 5 സ്കോർ

---

7. ഇന്ത്യൻ ദേശീയത രൂപപ്പെടാൻ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ എങ്ങനെയാണ് സ്വാധീനം ചെലുത്തിയത്? 2 സ്കോർ

---

8. 'ദേശത്തെ സമുദായമായി കണക്കാക്കാം' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? 1 സ്കോർ

---